പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 7

# 2021-ലെ കേരള ക്രിമിനൽ കേസ്സിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ

(ശ്രീ. അനൂപ് ജേക്കബ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 7

# 2021-ലെ കേരള ക്രിമിനൽ കേസ്സിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ

(ശ്രീ. അനൂപ് ജേക്കബ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

963/2021.

# 2021-ലെ കേരള ക്രിമിനൽ കേസ്സിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ

(ശ്രീ. അനൂപ് ജേക്കബ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

ക്രിമിനൽ വിചാരണകളിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—ക്രിമിനൽ വിചാരണകളിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2021-ലെ കേരള ക്രിമിനൽ കേസ്സിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ആക്ട് എന്ന് പേര് പറയാം.

(2) ഇത് ഉടനടി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

(3) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ജില്ലാ സമിതി" എന്നാൽ 3-ാം വകുപ്പുപ്രകാരം രൂപീകരിച്ച ജില്ലാ സാക്ഷി സംരക്ഷണ സമിതി എന്നർത്ഥമാകുന്നു;

(ബി) "ക്രിമിനൽ വിചാരണ" എന്നാൽ ഗൗരവതരമായ കുറ്റങ്ങളിന്മേലുള്ള വിചാരണ എന്നർത്ഥമാകുന്നു;

(സി) "ഗൗരവതരമായ കുറ്റങ്ങൾ" എന്നാൽ വധശിക്ഷയോ അല്ലെങ്കിൽ ജീവപര്യന്തം തടവോ അല്ലെങ്കിൽ ഏഴുവർഷത്തിൽ കൂടുതൽ തടവുശിക്ഷയോ ലഭിക്കാവുന്ന കുറ്റങ്ങൾ എന്നർത്ഥമാകുന്നു;

(ഡി) "സംസ്ഥാന സമിതി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച സംസ്ഥാന സാക്ഷി സംരക്ഷണ സമിതി എന്നർത്ഥമാകുന്നു;

(ഇ) "സാക്ഷി" എന്നാൽ ഗൗരവതരമായ കുറ്റങ്ങളിന്മേൽ നടത്തുന്ന വിചാരണയിൽ ഉൾപ്പെടുന്ന ഇരയും ഇരയുടെ വാദങ്ങൾക്ക് ബലം നൽകി മൊഴി നൽകുന്ന ഏതൊരാളും എന്നർത്ഥമാകുന്നു.

3. <u>സാക്ഷി സംരക്ഷണ സമിതി</u>.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി, സംസ്ഥാന സർക്കാരിന്, ഒരു ഉത്തരവ് വഴി താഴെപ്പറയുന്ന സമിതികൾ രൂപീകരിക്കാവുന്നതാണ്, അതായത് :—

(എ) സംസ്ഥാന സാക്ഷി സംരക്ഷണ സമിതി;

(ബി) ജില്ലാ സാക്ഷി സംരക്ഷണ സമിതി.

(2) 3(1) (എ) വകുപ്പുപ്രകാരം രൂപീകരിക്കുന്ന സമിതിയുടെ അദ്ധ്യക്ഷൻ സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗം മേധാവി ആയിരിക്കുന്നതും അതിൽ നിർണ്ണയിക്കപ്പെടാവുന്നവിധം മറ്റ് അംഗങ്ങളും ഉൾപ്പെടാവുന്നതുമാകുന്നു.

(3) 3(1) (ബി) വകുപ്പുപ്രകാരം രൂപീകരിക്കുന്ന സമിതിയുടെ അദ്ധ്യക്ഷൻ അതത് ജില്ലയിലെ പോലീസ് കമ്മീഷണറോ ജില്ലാ പോലീസ് മേധാവിയോ, അതത് സംഗതിപോലെ, ആയിരിക്കുന്നതും അതിൽ നിർണ്ണയിക്കപ്പെടാവുന്നവിധം മറ്റ് അംഗങ്ങളും ഉൾപ്പെടാവുന്നതുമാകുന്നു.

4. <u>സംസ്ഥാന സാക്ഷി സംരക്ഷണ സമിതിയുടെ ചുമതലകളും അധികാരങ്ങളും</u>.— സംസ്ഥാന സാക്ഷി സംരക്ഷണ സമിതിയ്ക്ക് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ഈ ആക്റ്റിൽ നിഷ്കർഷിക്കുന്ന വിധം സാക്ഷികൾക്ക് സംരക്ഷണവും, സുരക്ഷയും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും നിരീക്ഷിക്കുകയും ചെയ്യുക;

(ബി) സാക്ഷികളുടെ സംരക്ഷണവും സുരക്ഷയും സംബന്ധിച്ച് ജില്ലാ സമിതിയ്ക്കും പോലീസ് സ്റ്റേഷനുകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.

5. <u>ജില്ലാ സാക്ഷി സംരക്ഷണ സമിതിയുടെ ചുമതലകളും അധികാരങ്ങളും</u>.— ജില്ലാ സാക്ഷി സംരക്ഷണ സമിതിയ്ക്ക് താഴെപ്പറയുന്ന ചുമതലകളും അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—